പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3003

07.12. 2018 ൽ മറുപടിയ്ക്ക്.

## ഐ.ടി.ഐ.കളിലെ ഭൗതിക സാഹചര്യം ഉയർത്തുന്നതിന് പദ്ധതി

*ചോദ്യം*

ശ്രീ.എ. എൻ. ഷംസീർ

*ഉത്തരം*

ശ്രീ. ടി.പി. രാമകൃഷ്ണൻ.

(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് ഐ.ടി.ഐ കളിലെ ഭൗതിക സാഹചര്യം ഉയർത്തുന്നതിന് എന്തെല്ലാം പദ്ധതി കൾ ആണ് സർക്കാർ നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; അതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ; | (എ) ഐ.ടി.ഐകളിലെ ഭൗതിക സാഹചര്യം ഉയർത്തുന്നതിനായി ഐ.ടി.ഐകളുടെ ആധുനിക വൽക്കരണം, സിവിൽ വർക്ക്സ്, അപ് ഗ്രഡേഷൻ എന്നീ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. ഇതു കൂടാതെ വകുപ്പിൻ കീഴിലെ 10 ഐ.ടി.ഐകളെ കിഫ്ബി (KIIFB) ഫണ്ട് ഉപയോഗിച്ച് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പദ്ധതിയുടെ പ്രവർത്തനങ്ങളും പുരോഗമിച്ചു വരുന്നു.<br>മേൽ പറഞ്ഞ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><br>(1) നിലവിലുള്ള ട്രേഡുകളിലെ അഫിലിയേഷൻ ലഭിക്കാത്ത യൂണിറ്റുകൾക്ക് ആവശ്യമായ യന്ത്രസാമഗ്രികൾ സംഭരിയ്ക്കൽ (2) സ്വന്തമായി സ്ഥലം ലഭിച്ചിട്ടുള്ള ഐ.ടി.ഐകൾക്ക് അഫിലിയേഷൻ മാനദണ്ഡങ്ങൾക്ക് അനുസൃതമായ കെട്ടിടം നിർമ്മിക്കൽ (3) കൂടുതൽ പേർക്ക് ട്രെയിനിംഗ് നൽകുന്നതിന് ഐ.ടി.ഐകളിലെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കൽ |
| (ബി) 2018-19 സാമ്പത്തിക വർഷം സംസ്ഥാനത്ത് ഏതെല്ലാം ഐ.ടി. ഐകളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ | (ബി) വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക വിനിയോഗിച്ചാണ് സർക്കാർ ഐ.ടി.ഐകളിൽ ഭൗതിക സാഹചര്യം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു |

| | |
|---|---|
| ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | വരുന്നത്. അഫിലിയേഷൻ നേടിയിട്ടില്ലാത്ത അല്ലെങ്കിൽ അഫിലയേഷൻ പുതുക്കുന്നതിലേയ്ക്കായി ഉപകരണങ്ങൾ സംഭരിക്കേണ്ട ഐ.ടി.ഐകളെ യെല്ലാം "ഐ.ടി.ഐകളുടെ ആധുനിക വൽക്കരണം" എന്ന പദ്ധതിയിൽ ഉൾപ്പെട്ടു ത്തിയും ഭാഷാ ന്യൂനപക്ഷ പ്രദേശത്തുള്ള ഐ.ടി.ഐകളുടെ വികസനം "ഭാഷാ ന്യൂനപക്ഷ പ്രദേശത്ത് ഐ.ടി.ഐകളുടെ ശാക്തീകരണം" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയും ചെങ്ങന്നൂർ. കളമശ്ശേരി, ചാലക്കുടി, മലമ്പുഴ, കണ്ണൂർ എന്നീ 5 ഗ്രേഡ്-2 വനിത ഐ.ടി.ഐകളെ "വനിത ഐ.ടി.ഐകളുടെ പദവി ഉയർത്തൽ" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയുമാണ് വികസന നടപടികൾ എടുത്തു വരുന്നത്. |

Bindu

സെക്ഷൻ ഓഫീസർ